# പതിനാലാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 179** **13.07.2016-ന് മറുപടിക്ക്**

## നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം

**ചോദ്യം**
ശ്രീ. പി.സി.ജോർജ്ജ്

**ഉത്തരം**
ശ്രീ. പിണറായി വിജയൻ
(ബഹു. മുഖ്യമന്ത്രി)

| | | |
|---|---|---|
| എ) | 2016 കേരള നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ഏതു തീയതിയിലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ; | (എ) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച 04/03/2016 മുതൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നു. |
| ബി | പെരുമാറ്റ ചട്ടം നിലവിൽ വന്ന ശേഷം എടുത്ത മന്ത്രിസഭാ തീരുമാനങ്ങളിൽ ഏതെല്ലാമാണ് പ്രസ്തുത ചട്ടത്തിന് വിരുദ്ധമായവയെന്ന് മന്ത്രിസഭാ യോഗ തീയതി ഉൾപ്പെടെ വിശദമാക്കുമോ; | (ബി) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന കാലയളവിൽ, പെരുമാറ്റച്ചട്ടത്തിന്റെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻകൂർ അനുമതിയോടു കൂടിയാണ് സർക്കാർ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ലംഘിച്ചു കൊണ്ടുള്ള തീരുമാനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി | പ്രസ്തുത കാര്യങ്ങൾ പുതിയ സർക്കാരിന്റെ പരിശോധനയ്ക്ക് വിധേയമായിട്ടില്ലെങ്കിൽ, പെരുമാറ്റച്ചട്ട ലംഘനം നടത്തിയതായ തീരുമാനങ്ങൾ ഏതൊക്കെ എന്ന് വിശദമായി പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ എന്നും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ ? | (സി) മുൻ സർക്കാരിന്റെ അവസാന കാലഘട്ടത്തിൽ (2016 ജനുവരി 1-നു ശേഷം) എടുത്ത മന്ത്രിസഭാ യോഗ തീരുമാനങ്ങൾ അതത് വകുപ്പ് സെക്രട്ടറിമാർ പരിശോധിച്ച് പുന പരിശോധന ആവശ്യമുള്ളവ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ 25/05/2016-ൽ കൂടിയ മന്ത്രിസഭാ യോഗം തീരുമാനിക്കുക ഉണ്ടായി. പ്രസ്തുത ഉപസമിതി ഇപ്രകാരമുള്ള മന്ത്രിസഭാ യോഗ തീരുമാനങ്ങൾ പരിശോധിച്ചു വരികയാണ് |

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ